രാംപുനിയാനി 1980–കളിൽ ബോംബെ ഐ.ഐ.ടിയിൽ ബയോ മെഡിക്കൽ വിഭാഗം പ്രഫസറായിരുന്നു. ശിവസേന മുംബൈയിൽ വേരുറപ്പിക്കുന്ന കാലവുമായിരുന്നു അത്. എന്നാൽ പുനിയാനിക്ക് ഫാഷിസത്തിന്റെ വളർച്ച മുൻകൂറായി കാണാൻ കഴിഞ്ഞില്ല. ട്രേഡ് യൂനിയനുകളെക്കുറിച്ച ഗവേഷണത്തിൽ മുഴുകിയിരുന്ന പുനിയാനി തൊണ്ണൂറുകളിലാണ് ഫാഷിസത്തിന്റെ വ്യാഘ്രഭാവങ്ങൾ നേരിൽ കാണുന്നത്. ആധുനിക നഗരങ്ങൾ സുരക്ഷിതമാംവിധം സെക്യുലറാണെന്ന ധാരണയാണ് '90–കളിൽ ബോംബെയിൽ നടന്ന മുസ്‌ലിം കൂട്ടക്കൊലകൾ തകർത്തത്. ഇവിടെയാണ് രാംപുനിയാനി എന്ന ആക്ടിവിസ്റ്റും ധൈഷണികനും പിറവിയെടുക്കുന്നത്. പിന്നീട് ഇന്ത്യൻ ഫാഷിസത്തിന്റെ പുരാവൃത്തം തേടിയിറങ്ങിയ പുനിയാനി ഇരുപതോളം പുസ്തകങ്ങൾ രചിച്ചു. ഫാഷിസ്റ്റ് വിരുദ്ധ കൂട്ടായ്മയെക്കുറിച്ച് രണ്ടു പതിറ്റാണ്ടായി സംസാരിക്കുന്നു. രാജ്യത്തെ ഏറ്റവും കരുത്തുറ്റ ആന്റി ഫാഷിസ്റ്റ് റിസോഴ്സ് പേഴ്സണായി മാറിയിരിക്കുന്നു രാം പുനിയാനി. ഇന്ത്യൻ മതേതരത്വത്തെക്കുറിച്ച ആകുലതകൾ പങ്കുവെക്കാൻ അദ്ദേഹം ഈയിടെ കോഴിക്കോട്ടെത്തിയിരുന്നു. തിരക്കിനിടെ അൽപസമയം *പ്രബോധന*വുമായി പങ്കുവെച്ചു. ബാബരി മുതൽ ബോളിവുഡ് സിനിമകൾ വരെ കടന്നുവന്ന പ്രസ്തുത സംഭാഷണത്തിന്റെ പ്രസക്തഭാഗങ്ങളിലൂടെ.........



# ഫാഷിസത്തിനെതിരായ പോരാട്ടം പിന്മടക്കമില്ലാത്ത ജനാധിപത്യ ജാഗ്രതയാണ്

സംഭാഷണം

●

രാംപുനിയാനി / കെ. ശഹീൻ, കെ. അശ്റഫ്

**പതിനേഴ് വർഷങ്ങൾക്കു ശേഷം ലിബർഹാൻ കമീഷൻ റിപ്പോർട്ട് പുറത്തുവരുമ്പോൾ പ്രതികൾ ശിക്ഷിക്കപ്പെടാതിരിക്കാൻ നിരവധി പഴുതുകളുണ്ട്. പേരെടുത്തു പറയാതെ റാവുവിനെയും വാജ്പേയിയെയും ഒഴിവാക്കിയിരിക്കുന്നു. താങ്കൾ എങ്ങനെയാണ്**

**ലിബർഹാൻ കമീഷൻ റിപ്പോർട്ടിനെ കാണുന്നത്?**

തീർച്ചയായും നിരവധി അപകട സാധ്യതകൾ ലിബർഹാൻ കമീഷൻ റിപ്പോർട്ടിലുണ്ട്. കമീഷന് നിയമപരമായ ഒരു തലം മാത്രമേ സാധ്യമാവുന്നുള്ളൂ. രാഷ്ട്രീയമായി നിലപാടെടുക്കാൻ കമീഷന് സാധ്യമല്ല. അതിനാൽതന്നെ നിയമത്തിന്റെ ദൃഷ്ടിയിൽ പെടാത്ത നിരവധി പഴുതുകൾ സ്വാഭാവികമായും ലിബർഹാൻ കമീഷൻ റിപ്പോർട്ടിലുണ്ട്. എന്നാൽ ഞാൻ കാണുന്ന ഏറ്റവും വലിയ നേട്ടം, ആർ.എസ്.എസ്സിന്റെ പേര് ഉച്ചരിക്കാൻ കമീഷൻ ധൈര്യപ്പെട്ടു എന്നതാണ്. സ്വതന്ത്ര ഭാരതത്തിൽ വർഗീയ കലാപങ്ങളെയും മതവൈരത്തെയും മുൻനിർത്തി നിരവധി കമീഷനുകൾ നിലവിൽ വന്നിട്ടുണ്ട്. ഇന്ത്യയിൽ നടന്ന ആയിരക്കണക്കിന് വർഗീയ കലാപങ്ങളിൽ നേരിട്ട് പങ്കെടുത്തവരാണ് ആർ.എസ്.എസ്സുകാർ. എന്നാൽ ഇവരുടെ പേര് ഒരു കമീഷൻ റിപ്പോർട്ടിലും നേരിട്ട് പരാമർശിക്കുന്നില്ല. ലിബർഹാൻ കമീഷൻ ആർ.എസ്.എസ്സിന്റെ പങ്കിനെക്കുറിച്ച് വ്യക്തമായും കൃത്യമായും പരാമർശിക്കുന്നു എന്നത് ശുഭോദർക്കമാണ്. പള്ളി പൊളിച്ചത് ആസൂത്രിതമായിരുന്നുവെന്നും കൃത്യമായ പദ്ധതികൾ രൂപപ്പെടുത്തിയിരുന്നുവെന്നും ലിബർഹാൻ സൂചിപ്പിക്കുന്നു.

മറ്റൊരു പ്രധാന നിരീക്ഷണം, ഹിന്ദുവിന്റെ (അങ്ങനെയൊരു പൊതു കാറ്റഗറി ഉണ്ടോ എന്നത് മറ്റൊരു വിഷയമാണ്) മതവികാരമായിരുന്നില്ല പള്ളിയുടെ തകർച്ചക്ക് കാരണമായത് എന്നതാണ്. കൃത്യമായ ഐഡിയോളജിക്കൽ കാരണങ്ങൾ തന്നെയാണ് അതിന് പിന്നിലുള്ളത്. ആർ.എസ്.എസ്സിന്റെ ദേശീയ ഭ്രാന്തിലധിഷ്ഠിതമായ ഫാഷിസ്റ്റ് മനശ്ശാസ്ത്രമാണിതിന്റെ മൂല കാരണം. ലിബർഹാൻ കമീഷനെക്കുറിച്ച ചർച്ചകൾ രാജ്യമെങ്ങും ഉയർത്തിക്കൊണ്ടുവരികയെന്നത് വളരെ പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ അജണ്ട തന്നെയാണ്. പക്ഷേ നമ്മുടെ ജാഗ്രത പലപ്പോഴും നഷ്ടമാവുന്നുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സ്വയംതന്നെ നിരവധി പ്രശ്നങ്ങൾ പുതുതായി അഭിമുഖീകരിക്കേണ്ടിവരുന്നു. ഉദാഹരണമായി, തീവ്രവാദികളായി അവരെ മുദ്രയടിക്കൽ. ഇതൊക്കെ ലിബർഹാൻ കമീഷൻ റിപ്പോർട്ട് ഉയർത്തിപ്പിടിച്ചുള്ള പ്രചാരണങ്ങൾക്ക് തടസ്സമാവുന്നു. കേവല രാഷ്ട്രീയ വാഗ്വാദങ്ങൾക്ക് പകരം ജനകീയ ബോധവത്കരണത്തിന് നാം തയാറാവേണ്ടതുണ്ട്.

**കേരളത്തിൽ ഈയിടെ ഉയർന്നുവന്ന മറ്റൊരു പ്രധാന വിഷയമാണ് ലൗ ജിഹാദ്. 'മുസ്‌ലിമിന്റെ ആക്രമണോത്സുക ലൈംഗികത'യെക്കുറിച്ച് സംഘ്പരിവാർ പതിറ്റാണ്ടുകളായി പറഞ്ഞുകൊണ്ടിരിക്കുന്ന ആരോപണങ്ങൾ, ഇവിടത്തെ സെക്യുലർ എന്നു പറയാവുന്ന മാധ്യമങ്ങൾ ഉയർത്തിക്കൊണ്ടുവരികയുണ്ടായി. അതിനെ ക്രിസ്ത്യൻ, ഈഴവ സംഘടനകൾ വരെ പിന്തുണച്ചുവെന്നതാണ് ഏറ്റവും പ്രധാന പ്രശ്നം. സംഘ്പരിവാർ അങ്ങനെ പറയുന്നതിൽ വലിയ അത്ഭുതമില്ല. അവരുടെ ജന്മ ദൗത്യമാണത്. എന്നാൽ നമ്മൾ മതനിരപേക്ഷ നിലപാട് പുലർത്തുമെന്ന് പ്രതീക്ഷിക്കുന്ന വിഭാഗങ്ങൾ സംഘ്പരിവാറിന്റെ കുഴലൂത്തുകാരായി മാറുന്നുവെന്നത് തീർത്തും ഭീതിജനകമായ അന്തരീക്ഷം സൃഷ്ടിക്കുന്നു. കേരളത്തിൽ സംഘ്പരിവാർ പ്രവർത്തനത്തിനനുകൂലമായി ഒരു പൊതുസമ്മിതി രൂപപ്പെട്ടുവരുന്നുവെന്നാണോ നാം മനസ്സിലാക്കേണ്ടത്?**

തീർച്ചയായും കേരളത്തിൽ തീവ്ര ഹൈന്ദവതക്ക് അനുകൂലമായ ഒരു പൊതു സമ്മിതി (common consensus) നിലനിൽക്കുന്നുണ്ട്. ആർ.എസ്.എസ്സിന്റെ പ്രവർത്തനം മൂന്നു ശൈലിയിലാണ്. ഒന്ന്, നേരിട്ടുള്ള ഇടപെടലുകൾ. രണ്ട്, പ്രത്യയശാസ്ത്ര

വ്യാപനം. മൂന്ന്, സാമൂഹിക സമ്മിതികളുടെ നിർമാണം. കേരളത്തിൽ ബി.ജെ.പിക്ക് പത്തു ശതമാനം പോലും പിന്തുണയില്ല. എന്നാൽ ബി.ജെ.പിയുടെ അജണ്ട ഇവിടെ നടപ്പിലാവുന്നു. മാധ്യമങ്ങളിൽ ബി.ജെ.പിക്ക് വലിയ കവറേജ് ലഭിക്കുന്നു. നേരത്തെ സൂചിപ്പിച്ച ആർ.എസ്.എസ്സിന്റെ പ്രവർത്തനശൈലിയുടെ ഫലമായിട്ടാണിത്. പോലീസിലും മാധ്യമങ്ങളിലും നേരിട്ട് ഇടപെടുമ്പോൾ അത് സമൂഹത്തിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉണ്ടാക്കും എന്നു തന്നെയാണ് നാം മനസ്സിലാക്കേണ്ടത്. വളരെ ആധുനികമെന്നു നാം കരുതുന്ന കേരളീയ സമൂഹത്തിൽ ഈ അർഥത്തിൽ തീവ്ര ഹൈന്ദവ നിലപാടുകൾ രൂപപ്പെട്ടുവരുന്നതിന്റെ കാരണങ്ങൾ നാം ഇനിയും വിശകലനം ചെയ്യേണ്ടതുണ്ട്.

**നമ്മുടെ പൊതുമണ്ഡലത്തിൽ കൃത്യമായും ഉയർന്ന ജാതി ഹിന്ദുവിന്റെ പ്രത്യയശാസ്ത്രമാണ് പ്രവർത്തിക്കുന്നതെന്ന് പറയാറുണ്ട്. യഥാർഥത്തിൽ എങ്ങനെയാണ് ഇന്ത്യയിൽ ജാതി മേൽക്കോയ്മ നിലനിൽക്കുന്നത്?**

പഴയകാല രീതിയിലുള്ള ജാതി (caste) ഒരു പരിധിവരെ അപ്രത്യക്ഷമായിരിക്കുന്നു. ഇന്ന് പുതിയ തരത്തിലുള്ള ആധിപത്യ വാസനകൾ സമൂഹത്തിലുണ്ട്. അവ ആർ.എസ്.എസ് ഫണ്ടമെന്റലിസത്തെ പ്രോത്സാഹിപ്പിക്കുന്നു, ഫാഷിസത്തെ വരിക്കുന്നു, കാപ്പിറ്റലിസത്തെ സ്വീകരിച്ചാനയിക്കുന്നു. ആധിപത്യത്തിന്റെയും മേൽക്കോയ്മയുടെയും പുതിയ ശൈലിയാണിത്. ജാതിയെ അല്ല, മറിച്ച് ന്യൂനപക്ഷത്തെയും സ്ത്രീയെയും തൊഴിലാളിയെയും ആദിവാസിയെയും പിന്നാക്ക ജാതിക്കാരനെയും ടാർഗറ്റ് ചെയ്യുന്ന ഒരു പുതിയ പ്രവർത്തനശൈലി ആർ.എസ്.എസ് വികസിപ്പിച്ചിരിക്കുന്നു.

കാപ്പിറ്റലിസവും സംഘ്പരിവാറും ഒരേ നാണയത്തിന്റെ ഇരു വശങ്ങളാണ്. അംബാനി മോഡിയെ വാഴ്ത്തുന്നത് കാണുക. ടാറ്റ മോഡിയുടെ ഗുജറാത്തിനെ വികസന സ്വർഗമെന്ന് വിശേഷിപ്പിക്കുന്നു. നാനോ പദ്ധതി ഒടുവിൽ എത്തിപ്പെട്ടത് ഗുജറാത്തിലാണ്. ജനങ്ങളെ അടിച്ചമർത്തുന്ന കാപ്പിറ്റലിസവും ആർ.എസ്.എസ് പ്രത്യയശാസ്ത്രവും ചേർന്ന് രാജ്യത്തെ കാർന്നുതിന്നുകയാണ്.

**താങ്കൾ പറയുന്നത് ബി.ജെ.പി തകർന്നിട്ടില്ല എന്നാണോ?**

അതെ, ബി.ജെ.പി ശക്തി പ്രാപിക്കുകയാണ്. താൽക്കാലിക തകർച്ചകൾ കണ്ട് നാം വ്യാമോഹത്തിലകപ്പെടരുത്. ഝാർഖണ്ഡിലും ഹിമാചൽ പ്രദേശിലും കർണാടകയിലും വരെ അവർ ഭരണത്തിൽ തുടരുന്നു. ആർ.എസ്.എസ്സിലൂടെ മാത്രമല്ല, എ.ബി.വി.പി, വി.എച്ച്.പി, വനവാസി കല്യാൺ തുടങ്ങിയവയിലൂടെയും സംഘ് പ്രത്യയശാസ്ത്രം ആസൂത്രിതമായി പ്രചരിപ്പിക്കപ്പെടുന്നുണ്ട്. ഓഡിയോ, വിഷ്വൽ, പ്രിന്റിംഗ് മേഖലയിലും സംഘ്പരിവാർ സ്വാധീനമുറപ്പിക്കുന്നു. ഇങ്ങനെ ബി.ജെ.പിയുടെ സ്വാധീനം തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിനപ്പുറത്തേക്ക് വ്യാപിച്ചിരിക്കുന്നു.

**വിഷ്വൽ മീഡിയയെക്കുറിച്ച് പറഞ്ഞല്ലോ. ഇന്ത്യയുടെ പൊതുദേശീയതാ നിർമിതിയിൽ വലിയ പങ്കാണ് ബോളിവുഡ് സിനിമകൾ നിർവഹിക്കുന്നത്. മുസ്‌ലിം ഏതർഥത്തിലും വില്ലനാവുന്നതിലൂടെ ദേശത്തിന്റെ ശത്രു എന്ന നിലക്ക് പരിഗണിക്കുന്നു. ജനപ്രിയ മാധ്യമങ്ങളിലൂടെ യഥാർഥത്തിൽ സംഭവിക്കുന്നതെന്താണ്?**

ബോളിവുഡ് സിനിമകൾ നിർമിക്കുന്നവർ മിക്കവാറും പുരോഗമന ചിന്താഗ

തിക്കാരാണ്. എന്നാൽ പൊതുബോധ നിർമിതിയാകട്ടെ സംഘ്പരിവാറിന്റെ നിയന്ത്രണത്തിലും. സംഘ് പ്രത്യയശാസ്ത്രം നമ്മുടെ പുരോഗമന ബുദ്ധിജീവികളുടെ ഇടപെടലുകളെ - അത് സിനിമയാകട്ടെ മറ്റു സാഹിത്യ രൂപങ്ങളാവട്ടെ- വമ്പിച്ച അളവിൽ സ്വാധീനിക്കുന്നു. ഭീകരവിരുദ്ധ -സൈനിക സിനിമകളിൽ വില്ലനായോ അല്ലെങ്കിൽ ഹിന്ദു കഥാപാത്രത്തിൽനിന്ന് ഭിന്നമായി നിരന്തരം രാജ്യസ്നേഹം തെളിയിക്കേണ്ട കഥാപാത്രമായോ ഇന്ത്യൻ മുസ്‌ലിമിനെ ചിത്രീകരിക്കുന്നു. ഇവിടെ മുസ്‌ലിം അന്യവത്കരിക്കപ്പെടുന്നു. രാഷ്ട്രീയമായി പുരോഗമന നിലപാട് പുലർത്തുന്ന ആളുകൾ സംഘ്പരിവാറിന്റെ പ്രത്യയശാസ്ത്രത്തിന് കീഴടങ്ങുന്നുവെന്നത് നമ്മുടെ സാംസ്കാരിക രാഷ്ട്രീയ(Cultural Politics)ത്തിന്റെ പ്രശ്നമാണ്.

**കേരളത്തിൽ ഇടതുപക്ഷത്തിന് അനുകൂലമായ ഒരു പൊതുസമ്മിതി (**Left consensus**) നിലനിൽക്കുന്നുവെന്ന് പറയാറുണ്ട്. എന്നാൽ താങ്കൾ പറയുന്നത് സംഘ്പരിവാർ സാംസ്കാരിക, രാഷ്ട്രീയ മേൽക്കൈ നേടുന്നുവെന്നാണ്. കേരളത്തിന്റെ ഇടതുപക്ഷ മനസ്സിനെ താങ്കൾ എങ്ങനെയാണ് നോക്കിക്കാണുന്നത്?**

ഇടതുപക്ഷം രാഷ്ട്രീയമായി സെക്യുലരിസ്റ്റുകളാണ്; ആന്റി ഫാഷിസ്റ്റുകളാണ്. ആർ.എസ്.എസ്സിനോട് ഒരുവിധ മൃദു നിലപാടും കൈക്കൊള്ളാത്തവരാണ്. ഇന്ത്യയിൽ ഇടതുപക്ഷം വഹിക്കുന്ന പങ്ക് ആന്റി ഫാഷിസ്റ്റ് നിലപാടെടുക്കുന്നവരെ സംബന്ധിച്ച് വളരെ നിർണായകമാണ്. എന്നാൽ സാംസ്കാരിക രാഷ്ട്രീയത്തെ അഭിസംബോധന ചെയ്യാൻ ഇടതുപക്ഷത്തിന് സാധിച്ചിട്ടില്ല. കേരളത്തിൽ പുരോഗമനപരമായ ഒരു പൊതു ഇടം നിലനിൽക്കുന്നുവെങ്കിലും സംഘ്പരിവാറിന്റെ സാംസ്കാരിക സ്വാധീനം ഇടതുപക്ഷ പൊതുസമ്മിതി നിലനിൽക്കുമ്പോൾതന്നെ വളരെ പ്രകടമാണ്.

**ഇപ്പോൾ കേരളത്തിൽ നടക്കുന്ന തീവ്രവാദ അന്വേഷണങ്ങളും കോലാഹലങ്ങളും പരിശോധിക്കുമ്പോൾ നമ്മുടെ പത്രമാധ്യമങ്ങൾ പ്രകടിപ്പിക്കേണ്ട വിശാലാർഥത്തിലുള്ള ഒരു ഇടതുപക്ഷ ജാഗ്രത (ഇടതുപക്ഷം എന്ന് പറഞ്ഞത് കേവലം കമ്യൂണിസ്റ്റ് മാർക്സിസ്റ്റ് കക്ഷിരാഷ്ട്രീയം എന്ന നിലക്കല്ല) നഷ്ടമാവുന്നു. തീവ്രവാദിയെന്ന് മുദ്രയടിക്കപ്പെടുന്നവന്റെ മതം നിരന്തരമായി ആക്രമിക്കപ്പെടുകയും മതഭ്രാന്തിന്റെ ഉൽപന്നമായി അയാൾ പരിഗണിക്കപ്പെടുകയും ചെയ്യുന്നുണ്ടല്ലോ?**

ഇന്ത്യയിൽ ഭീകരവാദത്തിന് ഇസ്‌ലാമുമായി പ്രത്യേകിച്ച് ബന്ധമില്ല. കേരളത്തിൽ തന്നെ 9/11ന് ശേഷമാണ് ഇത്രയധികം കേസുകൾ ഉയർന്നുവന്നത്. ഉത്തരേന്ത്യയിൽ ബാബരി മസ്ജിദ് ധ്വംസനത്തിനു ശേഷമാണ് തീവ്രവാദം ഒരു പ്രശ്നമാവുന്നത്.

**ഈയൊരു പശ്ചാത്തലം ബോധപൂർവം ഒഴിവാക്കി, തീവ്രവാദിയെന്ന് പറയുന്നയാളെ കേവല മതഭ്രാന്തനായി പരിഗണിക്കുകയാണ് ഇടതുപക്ഷ മനസ്സാക്ഷിയുള്ള കേരളത്തിലെ പത്രപ്രവർത്തകർ പോലും ചെയ്യുന്നത്...**

ഇവിടെയാണ് ആർ.എസ്.എസ്സിന്റെ പ്രത്യയശാസ്ത്രം പ്രവർത്തിക്കുന്നത്. നിരന്തരമായ 'മറവികൾ' ഫാഷിസം ആസൂത്രിതമായി നിർമിച്ചുകൊണ്ടിരിക്കുന്നു. ഈ 'മറവികൾ' ഇടതുപക്ഷ കേരളത്തിലുണ്ടെങ്കിൽ, ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലെ സ്ഥിതി

അതിഭയങ്കരമാണ്. നാം ചെയ്യേണ്ടത്, വിശാലാർഥത്തിൽ ഫാഷിസത്തിനെതിരെ മുന്നണി ഉണ്ടാക്കുകയും ഇടതുപക്ഷക്കാരും മതവിശ്വാസികളും മാനവികവാദികളും ദലിതുകളും സ്ത്രീകളും ആദിവാസികളുമെല്ലാം അണിനിരക്കുന്ന മുന്നണി രൂപപ്പെടുത്തുകയും ഫാഷിസത്തിനെതിരെ ബോധവത്കരണം ശക്തിപ്പെടുത്തുകയുമാണ്. ദൽഹിയിൽ ഞങ്ങൾ 'അൻഹദി' എന്ന സന്നദ്ധ സംഘടനയുടെ കീഴിൽ സ്കൂളുകളും മറ്റും കേന്ദ്രീകരിച്ച് വലിയ ബോധവത്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നുണ്ട്. സ്കൂളുകൾ തുടങ്ങിയ പൊതു ഇടങ്ങളിലും പോലീസ് അക്കാദമി, ഐ.എ.എസ് അക്കാദമി എന്നിവിടങ്ങളിലുമൊക്കെ ഫാഷിസത്തിനെതിരായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. അതുപോലെത്തന്നെ ബഹുസ്വരതയെ മാനിക്കുന്ന ഒരു മുസ്‌ലിം രാഷ്ട്രീയം വളർന്നുവരേണ്ടതുണ്ട്. സെക്ടേറിയൻ സമീപനങ്ങൾ കൈയൊഴിച്ച്, വിശാല അർഥത്തിലുള്ള പാർശ്വവത്കൃതരുടെ ഐക്യമാണ് നാം ലക്ഷ്യമിടേണ്ടത്. ബട്‌ല ഹൗസ് പ്രശ്നത്തിലും മറ്റും ഒരു പരിധിവരെ ഈ കൂട്ടായ്മ നിലനിർത്താൻ സാധിച്ചു. അതിന് വളരെ നല്ല ഫലങ്ങൾ ഉണ്ടാക്കാൻ സാധിക്കുമെന്നു തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്.

ഈ കൂട്ടായ്മയിൽ ഞാൻ കോൺഗ്രസ്സിനെ വരെ തള്ളിക്കളയാൻ തയാറല്ല. ഒരു കച്ചിത്തുരുമ്പുപോലും ഇന്ന് ഫാഷിസത്തിനെതിരെ പ്രധാനമാണ്. ഉദാഹരണത്തിന്, ഈയടുത്ത് നടന്ന 26/11 മുംബൈ തീവ്രവാദി ആക്രമണം. കോൺഗ്രസ്സല്ല ബി.ജെ.പിയാണ് പ്രശ്നം കൈകാര്യം ചെയ്തിരുന്നതെങ്കിൽ മുംബൈ കത്തിയമരുമായിരുന്നു. അങ്ങനെ കോൺഗ്രസ്സിന്റെ റോൾ വളരെ പ്രധാനപ്പെട്ടതാണ്. കോൺഗ്രസ്സിന്റെ വർഗീയ പ്രീണനം നിരന്തര സമ്മർദത്തിലൂടെ നാം അതിജീവിക്കണം. ഇന്ത്യയിൽ മാധ്യമങ്ങളുടെ നിലപാടും ഗൗരവമേറിയതാണ്. *എൻ.ഡി* ടി.വിയുടെ നിലവാരമുള്ള ഒരു ചാനൽ പുതിയ രാഷ്ട്രീയത്തിന് കരുത്ത് പകരേണ്ടതുണ്ട്. നിരന്തരമായ ബോധവത്കരണം എന്നതാണ് ഏറ്റവും വലിയ പരിഗണനയർഹിക്കുന്നത്. മുഴുവൻ മനുഷ്യാവകാശ -മതേതര ചേരിയുടെയും പിന്തുണയോടു കൂടിയാണ് അത് ആരംഭിക്കേണ്ടത്. ജനാധിപത്യത്തിന്റെ നാലാം തൂണായ മാധ്യമങ്ങളാണ് ഈ രാഷ്ട്രീയ മാറ്റത്തിന് നേതൃത്വം നൽകേണ്ടത്. ഇങ്ങനെ ദീർഘകാല അജണ്ടകളിലൂടെ മാത്രമേ ഫാഷിസത്തെ ഫലപ്രദമായി ചെറുക്കാനാകൂ എന്നാണ് എന്റെ വിശ്വാസം.

**ഇന്ത്യയിൽ തന്നെ മുസ്‌ലിംകളുടെ സംഘാടനത്തെ നോൺ സെക്യുലർ എന്ന് പറയാറുണ്ട്. നമുക്കറിയാവുന്ന പോലെ, മണ്ഡൽ കമീഷനും ബാബരി മസ്ജിദ് ധ്വംസനത്തിനും മുമ്പ് മുസ്‌ലിംകൾ വ്യത്യസ്ത രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിച്ചുവരികയായിരുന്നു. പള്ളിയുടെ തകർച്ചക്ക് ശേഷമാണ് മുസ്‌ലിംകൾ സ്വയം സംഘടിക്കാനും പുതിയ രാഷ്ട്രീയ മുന്നേറ്റത്തിന് സ്വന്തം പ്ലാറ്റ്ഫോമിൽനിന്ന് സഹകരിക്കാനും ആർജവത്തോടെ തയാറാവുന്നത്. മനുഷ്യാവകാശ പ്രവർത്തകർ, ബുദ്ധിജീവികൾ, സെക്യുലർ പാർട്ടികൾ ഇവരോട് സഹകരിക്കുന്നത് സ്വന്തം പ്ലാറ്റ്ഫോമിൽനിന്ന് മതിയെന്ന് മുസ്‌ലിംകൾ തീരുമാനിക്കുകയായിരുന്നു. ഈ തീരുമാനത്തെ താങ്കൾ എങ്ങനെയാണ് വിലയിരുത്തുന്നത്?**

തീർച്ചയായും മതേതരത്വമാണ് എന്റെ വിശ്വാസം. ഒരു വ്യക്തിയുടെയും സ്വയംനിർണയാവകാശത്തെ ഹനിക്കാൻ ഞാൻ തയാറല്ല. മുസ്‌ലിമിന്റെ അരക്ഷിതാവസ്ഥ തൊണ്ണൂറുകളോടെ മൂർധന്യത്തിലെത്തി. ബാബരിക്കു ശേഷം ഗുജറാത്തും ബട്‌ല ഹൗസും സംഭവിച്ചു. ഇതൊക്കെ മുസ്‌ലിംകളുടെ അരക്ഷിതാവസ്ഥയും ഉത്ക

ണ്ഠയും വർധിപ്പിച്ചു. ഇങ്ങനെ മുസ്‌ലിംകൾ പരമ്പരാഗത രാഷ്ട്രീയത്തിന്റെ പ്രതിസന്ധി തിരിച്ചറിയുകയായിരുന്നു. ആർ.എസ്.എസ്സാണ് മുസ്‌ലിമിന്റെ അപരവത്കരണത്തിനും ആക്കംകൂട്ടുന്നത്. തിരിച്ചറിയാനും ഇതിനെ പ്രതിരോധിക്കാനും മുസ്‌ലിംകൾ വിവേകത്തോടെ പ്രതികരിക്കുന്നതാണ് ഉചിതം. മുസ്‌ലിം രാഷ്ട്രീയ രൂപീകരണങ്ങൾ ഈ ആംഗിളിലാണ് ഊന്നേണ്ടത്. ഞങ്ങളുടെ പ്രശ്നങ്ങളെല്ലാം ഞങ്ങൾ തന്നെ പരിഹരിക്കും എന്ന അമിത ആത്മവിശ്വാസം അപകടങ്ങൾ വരുത്തിത്തീർക്കും. ഇവിടത്തെ വിശാല മതേതര ചേരിയാണ് സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ പ്രായോഗിക പ്രവർത്തനങ്ങൾക്ക് വൻ സമ്മർദം ചെലുത്തിയത് എന്ന് തിരിച്ചറിയണം.

സാകിർ നായികിനെപോലുള്ളവരെ ഞങ്ങൾ ബഹുമാനിക്കുന്നുണ്ട്. എന്നാൽ മുസ്‌ലിമിന്റെ സവിശേഷ രാഷ്ട്രീയാവസ്ഥയോട് പ്രതികരിക്കാൻ അദ്ദേഹത്തിന്റെ പ്രവർത്തനരീതി പര്യാപ്തമല്ല. ഒരു മുസ്‌ലിം ചാനൽ അദ്ദേഹത്തിനുണ്ട്. എന്നാൽ ഇന്ത്യയിലെ മുസ്‌ലിമിന്റെ ജീവിത പ്രശ്നങ്ങളോട് ആ ചാനൽ എത്ര അടുത്തു നിൽക്കുന്നുവെന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്.

**നമ്മുടെ നാട്ടിൽ ആർ.എസ്.എസ്-ജമാഅത്തെ ഇസ്‌ലാമി എന്നൊരു സമവാക്യമുണ്ട്. അതുപോലെ തന്നെ ഹിന്ദു വർഗീയത- മുസ്‌ലിം വർഗീയത എന്നത് അതിന് സമാന്തരമായും നിലനിൽക്കുന്നു. ഈയൊരു പ്രശ്നത്തെ താങ്കൾ എങ്ങനെയാണ് വിലയിരുത്തുന്നത്?**

സംഘ്പരിവാറിന്റെ ഫാഷിസ്റ്റ് പ്രത്യയശാസ്ത്രവും ഹൈന്ദവ ധാർമികതയും തമ്മിൽ യാതൊരു ബന്ധവുമില്ല. ഹൈന്ദവതയെയും ഇസ്‌ലാമിനെയും ചേർത്തുള്ള വർഗീയ സമവാക്യങ്ങൾ അതിനാൽ യുക്തിരഹിതമാണ്. ഇന്ത്യയിൽ സംഘ്പരിവാർ സൃഷ്ടിക്കുന്ന അരക്ഷിതാവസ്ഥയാണ് മുസ്‌ലിമിനെ വർഗീയവാദിയോ തീവ്രവാദിയോ ആക്കി മാറ്റുന്നത്. ഒരാൾ തീവ്രവാദിയായി ജനിക്കുകയല്ല. മറിച്ച് സാമൂഹിക സാഹചര്യങ്ങൾ തീവ്രവാദത്തിലേക്ക് ഒരാളെ എത്തിക്കുകയാണ്. ഈ അർഥത്തിൽ തന്നെ ജമാഅത്തിനെക്കുറിച്ച ആരോപണത്തെയും ഞാൻ നോക്കിക്കാണുന്നത്. ഇന്ത്യയിൽ മനുഷ്യാവകാശ ഫാഷിസ്റ്റ്‌വിരുദ്ധ ചേരിക്ക് നിരന്തരം കരുത്ത് പകരുന്ന പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. ആർ.എസ്.എസ്സാവട്ടെ ഫാഷിസ്റ്റ് സ്വഭാവമുള്ളതും. അവരെ പ്രതിരോധിക്കുക എന്ന കാര്യത്തിൽനിന്ന് ഒളിച്ചോടാനേ ഇത്തരം സമവാക്യങ്ങൾ ഉപകരിക്കൂ എന്നാണ് എനിക്ക് തോന്നുന്നത്.

മുസ്‌ലിംകൾ അടിസ്ഥാനപരമായി ചില കാര്യങ്ങൾ നിർവഹിക്കണം. ഒന്ന്, തങ്ങളുടെ മുസ്‌ലിംസ്വത്വത്തിന് ഉപരിയായി ധാർമികമൂല്യങ്ങളുള്ള ഇസ്‌ലാമിനെ ഉയർത്തിപ്പിടിക്കണം. രണ്ട്, സമുദായങ്ങൾക്കും മനുഷ്യർക്കുമിടയിൽ പാലങ്ങൾ പണിയാൻ കഴിയണം. നീതിന്യായ വ്യവസ്ഥയിലും ഭരണഘടനയിലും ഉറച്ചു നിന്നുകൊണ്ട് ജനാധിപത്യ പരിഹാര മാർഗങ്ങൾ നിരന്തരം ആരായുകയും വേണം.

**ഇങ്ങനെയുള്ള വിശാല ജനാധിപത്യ ചേരിക്ക് എന്താണിവിടെ തടസ്സമായി നിൽക്കുന്നത്?**

നമ്മുടെ രാഷ്ട്രീയ പാർട്ടികൾക്ക് ദീർഘവീക്ഷണം നഷ്ടപ്പെട്ടിരിക്കുന്നു. ഈ ദീർഘവീക്ഷണമില്ലായ്മയാണ് സംഘ്പരിവാർ രാഷ്ട്രീയത്തെ സഹായിക്കുന്നത്. ഇടതുപക്ഷം പലപ്പോഴും ജനാധിപത്യപരമായ സംവിധാനത്തിൽ പൂർണ വിശ്വാസം അർപ്പിക്കുന്നില്ല. അപ്പോൾ എങ്ങനെയാണ് അവർക്ക് വിശാല ഫാഷിസ്റ്റ് വിരുദ്ധ ചേരിക്ക് നേതൃത്വം നൽകാൻ കഴിയുക? കോൺഗ്രസ്സും ഇടതും മറ്റെല്ലാവരും ചേർന്ന്

ഫാഷിസത്തിനെതിരായ ഐക്യമുന്നണി രൂപീകരിക്കുക എന്നതാണ് ഏക പോംവഴി.

ഫാഷിസ്റ്റ് വിരുദ്ധ രാഷ്ട്രീയത്തിന് ഇതുവരെ സംഭവിച്ച പാളിച്ചകളെ തുറന്ന മനസ്സോടെ വിലയിരുത്താനും അവ തിരുത്താനും തയാറാവണം. സംവാദവും ജനാധിപത്യവുമാണ് ഫാഷിസത്തിനെതിരെയുള്ള പോരാട്ടത്തിന്റെ മുന്നുപാധികൾ. ഒരു തീവ്രവാദ കേസുണ്ടാകുമ്പോൾ സംഘ്പരിവാറിന്റെ അതേ സ്വരം തന്നെയാണ് ചില രാഷ്ട്രീയ പാർട്ടികളും കേൾപ്പിക്കുന്നത്. മുസ്ലിമിന്റെ അരക്ഷിതാവസ്ഥയെ ഉൾക്കൊള്ളാൻ അവർക്ക് കഴിയാത്തതാണ് അതിനു കാരണം. ■